പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 406 13-10-2026-ൽ മറുപടിയ്ക്ക്

സൈബർ ഡോം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി. പി. സുമോദ്	ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന സൈബർ സാമ്പത്തിക തട്ടിപ്പുകളും തടയുന്നതിനുമായി സൈബർഡോം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മറുപടി: സൈബർ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും സൈബർ കുറ്റവാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സാങ്കേതികവിദ്യയുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ കണ്ടെത്തി പ്രതിരോധിക്കുന്നതിനുമായി സൈബർഡോം മുഖേന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സൈബർ സുരക്ഷാ മേഖലയിലെ വിദഗ്ധർ, സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷകർ, സ്റ്റാർട്ടപ്പുകൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൈബർ ഭീഷണികൾ മുൻകൂട്ടി തിരിച്ചറിയുന്നതിനും അവയെ പ്രതിരോധിക്കുന്നതിനുമുള്ള സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കുകയും നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, ഫിഷിംഗ് ആക്രമണങ്ങൾ, വ്യാജ വെബ് സൈറ്റുകൾ, മാൽവെയർ ആക്രമണങ്ങൾ, ഡിജിറ്റൽ സംവിധാനങ്ങൾക്കെതിരായ സൈബർ ആക്രമണങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക പിന്തുണയും വിദഗ്ധ സഹായവും നൽകുന്നു. കൂടാതെ, സർക്കാർ വകുപ്പുകളുടെയും വിവിധ സ്ഥാപനങ്ങളുടെയും ഡിജിറ്റൽ സംവിധാനങ്ങളുടെ സുരക്ഷ വർധിപ്പിക്കുന്നതിനായി സൈബർ സുരക്ഷാ പരിശോധനകൾ, സുരക്ഷാ ബോധവത്കരണ പരിപാടികൾ, പരിശീലനങ്ങൾ, സാങ്കേതിക ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നു. പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും അന്വേഷണശേഷിയും വർധിപ്പിക്കുന്നതിനും പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനും സൈബർഡോം വിവിധ ഇടപെടലുകൾ നടത്തിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. Security Operations Centre (SOC) - കേരള പോലീസിന്റെ ഐ.ടി. സംവിധാനങ്ങളിലെ സൈബർ സുരക്ഷാ നിരീക്ഷണം, സൈബർ ഭീഷണികളുടെ കണ്ടെത്തൽ, വിശകലനം, പ്രതികരണം എന്നിവയ്ക്കായി AI-enabled SOC പ്രവർത്തിക്കുന്നു.

2. Dark Web intelligence - ഡാർക്ക് വെബിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും സൈബർ ഭീഷണികളും നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുകയും ഉന്നത ഉദ്യോഗസ്ഥർക്ക് കൈമാറുകയും

ചെയ്യുന്നു.

3. KidGlove പദ്ധതി - പോലീസ് ഉദ്യോഗസ്ഥർ, കൗൺസിലർമാർ എന്നിവരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി സൈബർ സുരക്ഷ ബോധവൽക്കരണവും ഓൺലൈൻ സുരക്ഷാ പരിശീലനവും നൽകുന്നു.

4. Cyber Security Awareness Programmes - സൈബർ തട്ടിപ്പുകൾ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, സോഷ്യൽ മീഡിയ ദുരുപയോഗം തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

5. HACKP National Cyber Security Hackathon - സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനും സൈബർ സുരക്ഷയ്ക്കും സഹായകരമായ നൂതന സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനായി ഹാക്കത്തോൺ സംഘടിപ്പിക്കുന്നു.

6. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയൽ : ഡാർക്ക് വെബ് കേന്ദ്രീകരിച്ച് കുട്ടികൾക്കെതിരായ ചൂഷണങ്ങൾ നടത്തുന്നവരെ കണ്ടെത്താൻ സൈബർ ഡോമിന് കീഴിൽ CCSE-Counter Child Sexual Exploitation Centre പോലെയുള്ള പ്രത്യേക സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

7. Cyber Security Training & Capacity Building - പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റാന്വേഷണം, ഡിജിറ്റൽ തെളിവുകളുടെ കൈകാര്യം, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുകയും സാങ്കേതിക ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ